പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1194 10/08/2017 -ൽ മറുപടിയ്ക്ക്

# വിദ്യാർത്ഥികളിലെ മയക്കമരുന്ന് ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ പി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാർത്ഥികളിൽ മയക്കമരുന്നിന്റെ ഉപയോഗം വളരെയധികം വർധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സ്കൂളുകളിൽ മയക്ക മരുന്ന് വിതരണം ഒരു പ്രത്യേക കുറ്റമായി കണ്ട് നിയമ നിർമ്മാണം നടത്താൻ സാധിക്കുമോ? | (ബി) നിലവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്. മയക്കമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും ഉൽപാദനം, വിപണനം, ഉപയോഗം എന്നിവ നിയമ പ്രകാരം നിരോധിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റീസ് (Care and Protection of Children)ആക്ട് 2015 വകുപ്പ് 77, 78 പ്രകാരം പ്രായപൂർത്തിയാകാത്തവർക്ക് മദ്യം, ലഹരിമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവ വിൽപ്പന നടത്തുന്നവർക്കും പ്രേരണ നൽകുന്നവർക്കും കഠിനമായ ശിക്ഷയാണ് പ്രതിപാദിക്കുന്നത്. |
| (സി) കുട്ടികളെ മയക്ക മരുന്ന് ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാനും ക്യാംപസുകളെ മയക്കമരുന്നിൽ നിന്നും മോചിതമാക്കുന്നതിനുമുള്ള കൂട്ടായ പ്രവർത്തനങ്ങൾ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്നു നടപ്പിലാക്കുമോ? | (സി) സ്കൂളുകളും പരിസരവും ലഹരി വിമുക്തമാക്കുന്നതിന് പോലീസ്, എക്സൈസ്, പി.ടി.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,ആരോഗ്യവകുപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജന പ്രതിനിധികൾ എന്നിവയുടെ സഹായത്തോടെ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മദ്യവർജ്ജനത്തിന് ഊന്നൽ നല്കിയും മയക്കമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി പദ്ധതിക്ക് 06/10/2016-ലെ ജി.ഒ(എം.എസ്)നമ്പർ 94/2016/നി.വ സർക്കാർ ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്.<br>ബഹു:മുഖ്യമന്ത്രി ചെയർമാനും എക്സൈസ് വകുപ്പ് മന്ത്രി വൈസ് ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമായ സംസ്ഥാന ഗവേണിംഗ് |

ബോഡിയും എക്സൈസ് വകുപ്പ് മന്ത്രി ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനും എക്സൈസ് കമ്മീഷണർ കൺവീനറുമായ എക്സിക്യൂട്ടീവ് കമ്മിറ്റിയും സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നു. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ വൈസ് ചെയർമാനുമായ ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും തുടർന്ന് ബ്ലോക്ക്, കോർപ്പറേഷൻ മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായ സമിതിയും വാർഡ് തലത്തിൽ പൗരമുഖ്യൻ ചെയർമാനും, വാർഡ് മെമ്പർ കൺവീനറുമായ സമിതിയും രൂപീകരിച്ചിട്ടുണ്ട്. വിമുക്തിയുടെ ജില്ലാതല പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് ഓരോ ജില്ലയ്ക്കും ഓരോ മന്ത്രിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

എക്സൈസ് വകുപ്പ് സ്കൂൾ പരിസരങ്ങളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വൈവിധ്യമാർന്ന ബോധവത്ക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ ലഹരി വസ്തുക്കൾ വിൽപ്പന/ ഉപയോഗത്തിനെതിരെയുള്ള പരാതിയും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് 1400-ഓളം സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ ലഹരിയുടെ വിൽപ്പനയും ഉപഭോഗവും നിയന്ത്രിക്കുന്നതിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ